പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

11.12.2014ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 3132

## കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) കയർ മേഖലയിൽ കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) കയർ ഡീഫൈബറിംഗ് മേഖലയിൽ തൊണ്ടിന്റെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തു നിന്നും ലഭിക്കുന്ന തൊണ്ടിന്റെ സംഭരണത്തിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി)തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് കൺസോർഷ്യങ്ങൾക്കു പുറമേ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചു നടപ്പാക്കുന്നു. |
| (സി)കയർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി)ചകിരിയുടെ ദൗർലഭ്യവും വിലക്കയറ്റവും പരിഹരിക്കുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000/രൂപ 2013-14 ൽ അനുവദിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) വികസിപ്പിച്ച, ദിവസവും 3000-4000 |

| | |
|---|---|
| | തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ 2009-10 മുതൽ കയർ മേഖലയിൽ വിതരണം ചെയ്തുവരുന്നു. ഈ മെഷീന്റെ പരിഷ്ക്കരിച്ച മോഡൽ നിർമ്മിച്ചു നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട് സഹകരണ മേഖലയിലെ ഡീഫൈബറിംഗ് സംഘങ്ങൾക്ക് വലിയ ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നു. ചകിരി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ